**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊല്ലം താലൂക്ക് പരവൂർ വില്ലേജിലെ സർവേ നമ്പർ 223/04 ൽപ്പെട്ട 20.15 ആർ വസ്തുവും 223/03-02- ൽപ്പെട്ട 2.35 ആർ വസ്തുവും ഷോപ്പിംഗ് കോംപ്ലക്സ് & ടൗൺ ഹാൾ നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് പരവൂർ നഗരസഭയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

**സ.ഉ.(സാധാ)നം.1137/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 03.06.2019.**

---

പരാമർശം - 1) പരവൂർ നഗരസഭാ കൗൺസിലിന്റെ 11/08/2017 -ലെ 6-ാം നമ്പർ തീരുമാനം

2) പരവൂർ നഗരസഭാസെക്രട്ടറിയുടെ 19/4/2018-ലെ ഇ 1/7775/17 നമ്പർ കത്ത്.

3) നഗരകാര്യ ഡയറക്ടറുടെ 01/08/2018-ലെ ജി 3-9072/2018 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം താലൂക്ക് പരവൂർ വില്ലേജിലെ സർവേ നമ്പർ 223/04 ൽപ്പെട്ട 20.15 ആർ വസ്തുവും 223/03-02-ൽപ്പെട്ട 2.35 ആർ വസ്തുവും ഷോപ്പിംഗ് കോംപ്ലക്സ് & ടൗൺ ഹാൾ നിർമ്മാണത്തിനായി 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം പരവൂർ നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും പരാമർശം (3) പ്രകാരം നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർ മുഖേന അനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു.

2) സ്ഥലമെടുപ്പിന് വേണ്ടി വരുന്ന ഏകദേശ ചെലവ് 59 ലക്ഷം രൂപയാണെന്നും ഈ തുക വികസന ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതാണെന്നും ഇതിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്ഥലം ഷോപ്പിംഗ് കോംപ്ലക്സ് & ടൗൺ ഹാൾ നിർമ്മാണം എന്നിവയ്ക്ക് അനുയോജ്യമാണെന്ന് പരവൂർ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ സർട്ടിഫൈ ചെയ്തിട്ടുണ്ടെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരവൂർ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ വെളിച്ചത്തിൽ, പരവൂർ നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് & ടൗൺ ഹാൾ നിർമ്മാണത്തിനായി കൊല്ലം താലൂക്ക് പരവൂർ വില്ലേജിലെ സർവേ നമ്പർ 223/04 ൽപ്പെട്ട 20.15 ആർ വസ്തുവും 223/03-02-ൽപ്പെട്ട 2.35 ആർ വസ്തുവും 2013 ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് പരവൂർ നഗരസഭയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീജ . വി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
സെക്രട്ടറി, പരവൂർ നഗരസഭ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരളമിഷൻ തിരുവനന്തപുരം
റവന്യൂ ഡിപ്പാർട്ട്മെന്റ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ